**പതിമൂന്നാം കേരളനിയമസഭ**

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1674 — 17.06.2013 ന് മറുപടിയ്ക്ക്.

**സുവോളജിക്കൽ പാർക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ.സി. പി. മുഹമ്മദ്<br>ശ്രീ.പി. എ. മാധവൻ<br>ശ്രീ.ആർ. സെൽവരാജ് | ശ്രീ.ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് സുവോളജിക്കൽ പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. ദശാബ്ദങ്ങൾ പഴക്കമുള്ള തൃശ്ശൂർ മൃഗശാല ഇപ്പോൾ തൃശ്ശൂർ നഗരത്തിന്റെ ഹൃദയഭാഗത്ത് പ്രവർത്തിച്ചു വരുന്നു. ഈ മൃഗശാലയിൽ പക്ഷിമൃഗാദികളെ പഴയതും ഇടിഞ്ഞതുമായ കൂടുകളിലാണ് സന്ദർശകർക്കായി നിലവിൽ പ്രദർശിപ്പിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ സെൻട്രൽ സൂ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം ടി മൃഗശാലയെ തൃശ്ശൂർ നഗരത്തിന് സമീപത്തുള്ള പുത്തൂരിലെ 338 ഏക്കർ വനഭൂമിയിൽ മാറ്റി സ്ഥാപിക്കുന്നതിന് 24.02.2012-ൽ G.O.(MS)16/2012/F&WLD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പുതുതായി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സുവോളജിക്കൽ പാർക്കിൽ പക്ഷിമൃഗാദികളെ അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ മാറ്റി പാർപ്പിക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. |
| (ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; വിശദാംശം അറിയിക്കുമോ; | (ബി) ഇപ്പോൾ തൃശ്ശൂരിൽ പ്രവർത്തിച്ചു വരുന്ന മൃഗശാലയിലെ പക്ഷിമൃഗാദികളെ പഴക്കമുള്ളതും, ഇടുങ്ങിയതുമായ കൂടുകളിൽ നിന്നും മാറ്റി അവയുടെ സ്വാഭാവിക ആവാസവ്യവസ്ഥയോടു കൂടിയ ഒരു പുതിയ സ്ഥലത്തേക്ക് മാറ്റുക, പശ്ചിമഘട്ടത്തിൽ വംശനാശം നേരിടുന്ന പക്ഷിമൃഗാദികളെ സംരക്ഷിക്കുക, വനം വന്യജീവി സംരക്ഷണത്തിൽ പൊതുജനങ്ങളിൽ അവബോധം വളർത്തുക, എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ ലക്ഷ്യങ്ങൾ. |

(സി) ഏതെല്ലാം ഏജൻസികളാണ് ആയതിന് സഹകരിക്കുന്നത്; വിശദമാക്കുമോ ;

(സി) വനം വകുപ്പ് നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ സെൻട്രൽ സൂ അതോറിറ്റിയുടെ സാങ്കേതികവും, സാമ്പത്തികവുമായ സഹകരണം പ്രതീക്ഷിക്കുന്നു. കൂടാതെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും, പൊതുജനങ്ങളുടേയും സഹകരണം പ്രതീക്ഷിക്കുന്നുണ്ട്.

(ഡി) എന്തെല്ലാം കേന്ദ്രസഹായമാണ് ആയതിന് ലഭിക്കുന്നത് ?

(ഡി) പുതിയ സുവോളജിക്കൽ പാർക്കിൽ പാർപ്പിക്കാൻ ഉദ്ദേശിക്കുന്ന പക്ഷിമൃഗാദികളുടെ സ്വാഭാവിക ആവാസവ്യവസ്ഥ, ആരോഗ്യ പരിപാലനം, വന്യജീവി ഗവേഷണം, സന്ദർശകർക്കുള്ള അടിസ്ഥാന സൗകര്യം എന്നിവയുടെ രൂപരേഖകൾക്ക് അന്തിമരൂപം നൽകുന്നതിനും, അവ നടപ്പിൽ വരുത്തുന്നതിനും ആവശ്യമായ തുകയുടെ ഒരു ഭാഗം വഹിക്കുന്നതിന് കേന്ദ്ര സൂ അതോറിറ്റിയുടെ സഹായം പ്രതീക്ഷിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ.